ഉത്തരം

(എ) പി. ഡബ്ലിയു ഡി. റസ്റ്റ് ഹൗസുകളിലെ റൂമുകളുടെ നിലവിലുള്ള വാടക നിരക്ക് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. †

(ബി) സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്ന എം.പി.-മാർ, എം.എൽ.എ.-മാർ കൂടാതെ സർക്കാർ ജീവനക്കാർ എന്നിവർക്ക് സൗജന്യനിരക്ക് അനുവദിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. †

കരുനാഗപ്പള്ളി റസ്റ്റ് ഹൗസ് താമസയോഗ്യമാക്കുന്നതിന് നടപടി

71 [5050] ശ്രീ. എ. എൻ. രാജൻബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി റസ്റ്റ് ഹൗസിന് ഫർണിച്ചർ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടം വരെയായി എന്ന് വ്യക്തമാക്കുമോ;

(ബി) ഈ റസ്റ്റ് ഹൗസിന്റെ ഇടിഞ്ഞുപൊളിഞ്ഞ് ഉപയോഗശൂന്യമായ താഴത്തെ നിലയിലെ മുറികൾ താമസയോഗ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(സി) ഫർണിച്ചർ ലഭ്യമാക്കുന്നതിനും റസ്റ്റ് ഹൗസ് താമസയോഗ്യമാക്കുന്നതിനും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) എത്ര സമയത്തിനുള്ളിൽ ഫർണിച്ചർ ലഭ്യമാക്കുവാനും മുറികൾ താമസയോഗ്യമാക്കാനും ഉള്ള നടപടികൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അറ്റകുറ്റപ്പണികൾ നടത്തുന്നതിലേയ്ക്കായി ദർഘാസ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി, ഡി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഫർണിച്ചർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. മുറികൾ താമസയോഗ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

റാന്നി മിനി സിവിൽസ്റ്റേഷൻ നിർമ്മാണം

72 [5051] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

† അനുബന്ധം IV, IV A .

LIBRARY ARCHIVES Kerala Legislative Assembly